കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ
ഓഡിറ്റ് റിപ്പോർട്ട്
2013-14

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-ടി.എസ്.ആർ.പി.1-30/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020.
ഫോൺ നമ്പർ – 0487 2331249.
ഇ മെയിൽ – dotsr.ksad@kerala.gov.in
തീയതി – 22/01/2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
തളിക്കുളം ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : തളിക്കുളം ഗ്രാമപഞ്ചായത്ത് - 2013-14 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്
****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-1 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

<u>പകർപ്പ് :-</u>

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശൂർ. (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ)-ടി.എസ്.ആർ.പി.1-30/16 തീയതി: 22/01/2016

തൃശ്ശൂർ ജില്ലയിലെ തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് .)

തൃശ്ശൂർ ജില്ലയിലെ തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക 22-07-2014-ന് ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11.12.13 മുതൽ 15.12.15 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2013-14 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി യിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ് .

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീ.സി.വൈ.സലിം, ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	15-12-2015 മുതൽ 23-12-2015 വരെ
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	1. ശ്രീമതി. സുധാദാസ്. ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) 2. ശ്രീമതി.ടി.മീര, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ 3.ശ്രീമതി.ചൈതന്യ പുരുഷോത്തമൻ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ 4.ശ്രീമതി.ജോസി.കെ.ജെ, ഓഡിറ്റർ. 5. ശ്രീമതി. ശ്രീജ.കെ.ടി., ഓഡിറ്റർ

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	ശ്രീ.പി.എ െ.ഷൗക്കത്തലി	01-04-2013 മുതൽ 31.03.2014 വരെ
സെക്രട്ടറി	ശ്രീ. സുഭാഷ്. പി.ബി.	01.04.2013 മുതൽ 16.10.2013 വരെ
	ശ്രീ. വർഗ്ഗീസ്. സി.എ.	17.10.2013 മുതൽ 23.11.2014 (എഫ്.എൻ.) വരെ.
	ശ്രീ. സുഭാഷ്. പി.ബി.	23.11.2014 (എ).എൻ.) മുതൽ 31.03.2014 വരെ
നിർവ്വഹണ ഉദ്യോഗസ്ഥർ		
ഉദ്യോഗപ്പേര്	പേര്	കാലയളവ്
കൃഷി ഓഫീസർ	ശ്രീ.പ്രദീഷ്.വി.പി.	01.04.2013മുതൽ 31.3.2014 വരെ
അസിസ്റ്റന്റ് എഞ്ചിനീയർ	ശ്രീ.ഡിറ്റോദാസ്.എം.	01.04.2013 മുതൽ 31.05.2013 FN വരെ
	ശ്രീമതി.രശ്മി.പി.	31.05.2013 AN മുതൽ 30.10.13 വരെ
	ശ്രീ. സത്യൻ.ബി.	01.11.13 മുതൽ 31.03.2014 വരെ
മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	ഡോ. ലത.കെ.എസ്	1.04.2013 മുതൽ 31.03.2014 വരെ
മെഡിക്കൽ ഓഫീസർ (ആയുർവേദം)	ഡോ.പി.കെ.സുഹാസ് നാരായണൻ	01.04.2013 മുതൽ 31.03.2014 വരെ
വെറ്ററിനറി സർജൻ	ഡോ.ബി.ബിനോദ്	1.04.2013 മുതൽ 31.03.2014 വരെ
ഹെഡ്മിസ്ട്രസ്(ജി.എം.എൽ.പി.എസ്)	ശ്രീമതി. റോസ് മേരി	01.04.2013 മുതൽ 31.03.2014 വരെ
വി.ഇ.ഒ-	ശ്രീ.ഇ.ബി.ഗോകുൽ	01.04.2013 മുതൽ 31.03.2014 വരെ
ഐ.സി.ഡി.എസ് സൂപ്പർവൈസർ	ശ്രീമതി.കെ.രതി	01.04.2013 മുതൽ 31.03.2014 വരെ

<u>ഉള്ളടക്കം</u>

ക്രമ നം.	ഭാഗം 1	ഖണ്ഡിക നമ്പർ	പേജ് നമ്പർ
1	ബജറ്റ്	1-1	
2	വാർഷിക ധനകാര്യ പത്രിക	1-2	
3	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ്	1-3	

	നല്കിയതിന്റെ വിവരം		
4	സാമ്പത്തിക വിശകലനം	1-4	
5	ഫണ്ട് വിനിയോഗം	1-5	
6	പദ്ധതി അവലോകനം	1-6	
7	തനത് വരുമാനം	1-7	
8	ക്ഷേമപദ്ധതികൾ	1-8	
9	ക്യാഷ് വെരിഫിക്കേഷൻ	1-9	
10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10	
	ഭാഗം 2		
11	മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രമില്ലാതെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.	2-1	
12	വിമുക്ത ഭടന്മാരുടെ വസ്തു നികുതി - അനർഹമായി ഇളവ് അനുവദിച്ചത് സംബന്ധിച്ച്.	2-2	
13	സ്വകാര്യ ആശുപത്രികൾ/ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ/ലൈസൻസ് എന്നിവ സംബന്ധിച്ച്	2-3	
14	ഡി.ആന്റ്. ഒ. ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ.	2-4	
15	ഷോപ്പിംങ്ങ് കോംപ്ലക്സ് - വാടക അപാകതകൾ	2-5	
16	വായനശാലയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്	2-6	
17	വിനോദനികുതി അപാകതകൾ	2-7	
	ഭാഗം -3		
18	പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിച്ചില്ല	3-1	
19	പഞ്ചായത്ത് ഓഫീസ്- സി. സി. ടി. വി – പരാജയപ്പെട്ട പദ്ധതി	3-2	
20	പുര പദ്ധതി നടപ്പിലായില്ല	3-3	
21	രേഖകൾ ഹാജരാക്കിയിട്ടില്ല – ചെലവു തുക തടസ്സപ്പെടുത്തുന്നു	3-4	
22	എസ്.സി. കോളനികളിൽ ബയോഗ്യാസ് പ്ലാന്റ് അപാകതകൾ	3-5	

23	വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം - അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.	3-6	
24	വനിത ലോൺട്രി യൂണിറ്റ് - നിർവഹണത്തിലെ അപാകതകൾ	3-7	
25	പത്താം തരം തുല്യത പരീക്ഷ – പഠിതാക്കളുടെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല – ചെലവു തുക തടസ്സപ്പെടുത്തുന്നു	3-8	
26	രേഖകൾ ഹാജരാക്കിയിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു.	3-9	
27	ആശ്രയ – ജനറൽ, എസ്.സി.പി. ഫണ്ടുകളിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക 800000രൂപ	3-10	
28	തെരുവു വിളക്കുകൾ	3-11	
29	പാലിയേറ്റീവ് കെയർ നേഴ്സിനു ഹോണറേറിയം നൽകിയത് -രേഖകൾ ഹാജരാക്കിയിട്ടില്ല.	3-12	
30	ക്ഷേമപെൻഷൻ -അപാകതകൾ	3-13	
31	വാഹന പരിപാലനം - അപാകതകൾ	3-14	
32	വാട്ടർ കൂളർ ഉപയോഗയോഗ്യമാക്കേണ്ടതാണ്.	3-15	
33	നിർവ്വഹണോദ്യോഗസ്ഥർ നിശ്ചിത മാതൃകയിലുള്ള ക്യാഷ് ബുക്ക് ഉപയോഗിക്കുന്നില്ല.	3-16	
34	കമ്മ്യൂണിറ്റി ഹാൾ നവീകരണം- ഗുണ.സമിതി മാർഗ്ഗരേഖ പാലിച്ചിട്ടില്ല	3-17	
35	കൃഷിഭവൻ മെയിന്റനൻസ് അപാകതകൾ	3-18	
36	റോഡ് കണക്ടിവിറ്റി മാപ്പ് റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കിയിരിക്കണം	3-19	
37	ഡെപ്പോസിറ്റ് പ്രവർത്തികൾ - വിനിയോഗ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.-533000 രൂപ തടസ്സപ്പെടുത്തുന്നു.	3-20	
38	കാർഷിക ഉപകരണങ്ങൾ ലേലം ചെയ്യേണ്ടതാണ്	3-21	

39	ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	3-22	
40	ഡി ആന്റ് ഒ ലൈസൻസ് നൽകുന്നതിലെ കാര്യക്ഷമത – അവലോകനം	3-23	
41	തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പുതിയ അക്കൗണ്ടിങ്ങ് സമ്പ്രദായം	3-24	
	ഭാഗം-4		
42	സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1	
43	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-2	
44	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-3	
45	വായ്പ/ വായ്പ തിരിച്ചടവ്	4-4	
46	സ്ഥിരനിക്ഷേപങ്ങൾ	4-5	
47	ഓഡിറ്റ് റിക്കവറി	4-6	
48	ഓഡിറ്റ് പ്രത്യവലോകനം	4-7	
49	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-8	

ഭാഗം -1
പൊതു അവലോകനം
പൊതു അവലോകനം

1-1 ബജറ്റ്

2013-14 വർഷത്തെ ബജറ്റ് 25-3-13 തിയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ആകെ വരവ് 94953721 രൂപയും ചെലവ് 86681000 രൂപയും നീക്കിയിരിപ്പ് 8272721 രൂപയും ആണ്.

1-2 വാർഷിക ധനകാര്യപത്രിക.

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
31-7-14	22.07.14

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വർഷം	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2013-2014	No.LFTE3-1404/2014(78) 09.01.2015 (വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം)

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 7435832

വരവ് - 63306994

ആകെ – 70742826

ചെലവ് - 60649609

നീക്കിയിരിപ്പ് - 10093217

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്	ചെലവ് ശതമാനം
വികസന ഫണ്ട് പൊതുവിഭാഗം	0	9038280	9038280	9035418	2862	99.97
വികസനഫണ്ട് എസ്.സി.പി.	200090	11321000	11521090	10012975	1508115	86.91
വികസനഫണ്ട് ടി.എസ്.പി.	0	0	0	0	0	0
സംരക്ഷണഗ്രാന്റ് റോഡ്	424745	5830000	6254745	6224745	30000	99.52
സംരക്ഷണഗ്രാന്റ് നോൺറോഡ്	8526	18640000	18722526	1872526	0	100
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	157721	3638179	3795900	3794721	1179	99.97
ഡി ആന്റ് എഫ് തനത് ഫണ്ട് പെർഫോമൻസ് ഗ്രാന്റ്	6546307	13178585	19724892	11365554	8359338	57.62
എം.എൻ.ആർ. ഇ.ജി.എസ്.	11988	4277600	4289588	4139126	150462	96.49
ബി ഫണ്ട്	0	12236450	12236450	12236450	0	100
ലോകബാങ്ക് സഹായം	86455	1971000	2057455	2016194	41261	97.99

1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത്(എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
114	20797462	80	17308050	27 7 (ബാദ്ധ്യതാ രഹിത സ്പിൽ ഓവർ)	-	83'22%

1-7 തനത് വരുമാനം സംബന്ധിച്ച്

ഇനം	മുൻവർഷം	തൻവർഷം	വ്യത്യാസം	ശതമാനം (+)/(-)
നികുതി വരവുകൾ	3556755	3843085	286330	(+)8%
നികുതിയേതര വരവുകൾ	530443	436738	(-) 93705	(-)17.66%
ആകെ	4087198	4279823	192625	(+) 5%

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	37440/-	53
കർഷകതൊഴിലാളി പെൻഷൻ	953680/-	108
വിധവാ പെൻഷൻ	7590668/-	920

വാർദ്ധക്യകാല പെൻഷൻ	627230/-	176
വികലാംഗ പെൻഷൻ	2430065/-	259
50 വയസ്സായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	426117/-	50
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	160000/-	7

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.12.2015 തിയതിയിൽ 3.30 PM-ന് സ്ഥാപന തലവന്റെ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 30586/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	13-11-2015	10/2015	ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറൽ	1-4-2011	2006-07 to 2010-11	13-05-2011

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

. .

2-1 മലിനീകരണ നിയന്ത്രണബോർഡിന്റെ സാക്ഷ്യപത്രമില്ലാതെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 9.11.12-ലെ 47724/DC1/2011/LSGD നമ്പർ സർക്കുലർ പ്രകാരം പാരാ മെഡിക്കൽ സ്ഥാപനങ്ങളുടേയും സ്വകാര്യ ആശുപത്രികളുടേയും രജിസ്ട്രേഷൻ നൽകുന്നതിനും പുതുക്കുന്നതിനും മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരം ആവശ്യമാണ്. എന്നാൽ താഴെപ്പറയുന്ന പാരാ മെഡിക്കൽ സ്ഥാപനങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രമില്ലാതെയാണ് രജിസ്ട്രേഷൻ/ലൈസൻസ് നൽകിയിരിക്കുന്നത്.

ക്രമനമ്പർ	ഉടമസ്ഥന്റെ പേര്	സ്ഥാപനം
1	ഡോ. കെ.എസ്. ഷെല്ലി	ഡോക്ടേഴ്സ് ക്ലിനിക്ക്
2	ഡോ.ഡേവിസ് നടക്കാവുകാരൻ	ഡെന്റൽ ക്ലിനിക്ക്

3	നാജിത പി. കെ.	മെഡിക്കൽ ലബോറട്ടറി
4	വി.സി. ദിലീപ്	മെഡിക്കൽ ലബോറട്ടറി
5	ഡോമിനിക്ക് ഫ്രാൻസിസ്	മെഡിക്കൽ ലബോറട്ടറി
6	രൻജിത്ത് മാത്യു	നാട്ടിക ബീച്ച് ആയുർവേദ യോഗ സെന്റർ
7	ഡോ. പി.ഡി.പ്രസന്നൻ	മാ കെയർ ഡയഗനോസ്റ്റിക്സ്

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കും സ്വകാര്യ ആശുപത്രികൾക്കും രജിസ്ട്രേഷൻ/ലൈസൻസ് നല്കുമ്പോൾ അപേക്ഷയോടൊപ്പം മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം സമർപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

2-2 വിമുക്ത ഭടന്മാരുടെ വസ്തു നികുതി - അനർഹമായി ഇളവ് അനുവദിച്ചത് സംബന്ധിച്ച്.

ജി.ഓ.(എം.എസ്) 242/13 ത.സ്വ.ഭ.വ 2.7.13 ഉത്തരവിലെ നിബന്ധന പ്രകാരം തറ വിസ്തീർണ്ണം 2000 ച. അടിയിൽ കവിയാത്ത വീടിനു മാത്രമേ വിമുക്ത ഭടന്മാർക്കുള്ള വസ്തുനികുതി ഇളവിനു അർഹതയുള്ളു. എന്നാൽ XI1-1 കെട്ടിടത്തിന്റെ ഉടമസ്ഥനായ കെ.ബി.കാദർ, അരവശ്ശേരി എന്നവർക്ക് 2700 ച.അടി തറ വിസ്തീർണ്ണമുള്ള വീടിന് വസ്തു നികുതി ഇളവ് ചെയ്ത് കൊടുത്തിട്ടുണ്ട്. മേൽ ഉത്തരവിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമായി അനുവദിച്ചു നൽകിയ ഇളവ് റദ്ദ് ചെയ്യേണ്ടതും 2013-14-ൽ അനുവദിച്ചു നൽകിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 12/19.12.15 നൽകിയതിനെത്തുടർന്ന് 11501103440/21.12.15 പ്രകാരം വസ്തുനികുതി ഇളവുചെയ്ത തുക തിരികെ അടവാക്കുകയും വസ്തുനികുതി ഇളവ് റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

2-3 സ്വകാര്യ ആശുപത്രികൾ/ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ/ലൈസൻസ് എന്നിവ സംബന്ധിച്ച്

പഞ്ചായത്ത് പരിധിയിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ 1997ലെ കേരളാ പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികൾ/ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3 പ്രകാരമുള്ള രജിസ്ട്രേഷൻ എടുക്കാതെ പ്രവർത്തിക്കുന്നതായി കാണുന്നു.

1. ലിയനു ലാബ് (ഡൊമിനിക്ക് ഫ്രാൻസ്സിസ്, പുവേലിൽ ഹൗസ്, ഇടശ്ശേരി.പി.ഒ.)
2. സ്റ്റാർ മെഡിക്കൽ ലബോറട്ടറി (നാജിത.പി.കെ., നാലകത്ത് വീട്, തളിക്കുളം)
3. ഡോക്ടേഴ്സ് ക്ലിനിക് (ഡോ.കെ.എസ്.ഷെല്ലി, കോളംവീട്ടിൽഹൗസ്, ഇടശ്ശേരി)

മേൽ സ്ഥാപനങ്ങൾക്കെതിരെ ചട്ട ലംഘനത്തിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2-4 ഡി.ആന്റ്.ഓ ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ.

2013-14 സാമ്പത്തിക വർഷത്തെ ഡി.ആന്റ്.ഓ. ലൈസൻസ് അപേക്ഷകൾ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തളിക്കുളം അപ്പാരൽ പാർക്കിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ ഡി.ആന്റ്.ഓ ലൈസൻസ് എടുത്തതായി
കാണുന്നില്ല.

a). തളിക്കുളം പീപ്പിൾസ് അലയൻസ് ടെക്നോ പാർക്ക്

b). നിയോവെൽ ഫാഷൻസ്

c). വെയർവെൽ ഫാഷൻസ്.

കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232(1)-ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഗ്രാമപ്പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ 1996ലെ കേരളാ പഞ്ചായത്ത് രാജ്(കുറ്റങ്ങൾ രാജിയാക്കൽ)

ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതും പഞ്ചായത്തിന്റെ ലൈസൻസ് കൂടാതെ ഒരു സ്ഥാപനവും പ്രവർത്തിക്കുന്നില്ല എന്നുറപ്പ് വരുത്തേണ്ടതാണ്.

2. ഡി.ആന്റ്.ഓ ലൈസൻസ് കുറവ് ഈടാക്കിയത്.

ഡി.ആന്റ്.ഓ. ലൈസൻസ് ഈടാക്കിയപ്പോൾ താഴെപ്പറഞ്ഞ സ്ഥാപനത്തിൽ നിന്നും 1996-ലെ കേരളാ പഞ്ചായത്ത് രാജ് (ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 7 പട്ടിക 11-ൽ നിഷ്കർഷിച്ചിരിക്കുന്ന ഫീസിനു വിരുദ്ധമായി കുറവ് ഫീസാണ് ഈടാക്കിയത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

പേര്/ മേൽവിലാസം	അപേക്ഷ പ്രകാരം ഒരു ദിവസത്തെ വിറ്റുവരവ്	അടവാക്കിയത്	അടവാക്കേണ്ടത്	കുറവ്
മുഹമ്മദ്ഹുസൈൻ മാളിയേക്കൽ പാചകവാതക വിതരണം	150000	1000 (138/ 5.4.13)	4000	3000

കുറവ് തുക ബന്ധപ്പെട്ട വ്യക്തിയിൽ നിന്നും ഈടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും മേലിൽ ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി 23/22.12.15 നൽകിയതിന്റെ അടിസ്ഥാനത്തിൽ 11501103698/23.12.15 രസീത് പ്രകാരം കുറവ് തുക ബന്ധപ്പെട്ട വ്യക്തിയിൽ നിന്നും ഈടാക്കിയിട്ടുണ്ട്).

2-5 ഷോപ്പിംങ്ങ് കോപ്ളക്സ്- വാടക അപാകതകൾ

ഷോപ്പിംങ്ങ് കോപ്ളക്സിൽ 24 മുറികളാണ് വാടകയ്ക്ക് നൽകിയിരിക്കുന്നത്. എന്നാൽ ബൈലോയിൽ നിർദ്ദേശിക്കും വിധം 100/-രൂപ മുദ്രപത്രത്തിൽ വാടകക്കരാർ എഴുതി രജിസ്റ്റർ ചെയ്ത് സൂക്ഷിക്കാത്തതിനാൽ വാടക അടവാക്കുന്നതിൽ വീഴ്ച വരുത്താൻ ഇടവന്നാൽ നിയമനടപടികൾ സ്വീകരിക്കാൻ സാധിക്കുകയില്ല. ബൈലോ പ്രകാരം പരമാവധി 3 വർഷം വരേയേ ഒരാൾക്ക് തന്നെ തുടർച്ചയായി ലേലം കൂടാതെ മുറികൾ അനുവദിക്കാവൂ. എന്നാൽ ഒരേ വാടകക്കാർ തന്നെ തുടർച്ചയായി വാടകമുറികൾ ഉപയോഗിച്ച് കാണുന്നുണ്ട്. ഇങ്ങനെ തുടരുന്ന മുറികൾക്ക് തുടർന്ന് നാളിതുവരെ ലേലം നടന്നതായും കാണുന്നില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2-6 വായനശാലയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്

തളിക്കുളം ഗ്രാമപഞ്ചായത്ത് ലൈബ്രറി 1991 മുതലാണ് പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. 5895 പുസ്തകങ്ങൾ സ്റ്റോക്കിലുണ്ട്. രജിസ്റ്റർ പ്രകാരം 850 മെമ്പർമാർ ഉണ്ടെങ്കിലും വായനശാല പ്രയോജനപ്പെടുത്തുന്നത് കേവലം 20 പേർ മാത്രമാണ്. എടുക്കുന്ന പല ഗ്രന്ഥങ്ങളും സമയത്തിനുള്ളിൽ തിരികെ ഏൽപ്പിച്ചതായും കാണുന്നില്ല. പുസ്തകങ്ങൾ സമയക്രമത്തിൽ തിരികെ ലഭിക്കുന്നതിനും, പ്രവർത്തനം സംബന്ധിച്ച ബൈലോ തയ്യാറാക്കുന്നതിനും, വായനശാല പ്രവർത്തനം ഊർജ്ജസ്വലമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-7 വിനോദനികുതി - അപാകതകൾ

തദ്ദേശസ്വയം ഭരണവകുപ്പിന്റെ 14/5/13 തിയതിയിലെ സർക്കുലർ നമ്പർ 9902/ R D-3/2013/LSGD സർക്കുലർ പ്രകാരം പ്രവേശന ഫീസ് 25/- രൂപയിൽ കൂടുതലുള്ള ഓരോ ടിക്കറ്റിനും 3 രൂപ വീതം കേരള കൾച്ചറൽ ആക്ടിവിറ്റീസ് വെൽഫെയർ ഫണ്ട് ബോർഡിലേക്ക് (KCAWFA) തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന അടവാക്കേണ്ടതാണ്. ആയത് അടവാക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. മേൽപ്പറഞ്ഞ രേഖകൾ ഹാജരാക്കേണ്ടതാണ്.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 പ്ളാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിച്ചില്ല

പ്ളാസ്ററിക്ക് മാലിന്യങ്ങളെ യന്ത്രസഹായത്താൽ പൊടിച്ച് ഗ്രാന്യൂൾ രൂപത്തിലാക്കുകയും, അതുവഴി പ്ളാസ്ററിക്ക് മാലിന്യനിർമാർജനം, വനിതകൾക്ക് സ്വയംതൊഴിൽ, വരുമാനം എന്നിവ ലക്ഷ്യമിട്ട് സെക്രട്ടറി നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

പദ്ധതി നമ്പർ - so111/14

പ്ളാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് - വനിത(ജനറൽ)

അടങ്കൽ - 500000
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ചെലവ് - 463804

ഫണ്ട് - വികസന ഫണ്ട്- 436969

13th CFC – 26835

ട്രഷറി ബിൽ നം. 23/22.3.14-26835,

ട്രഷറി ബിൽ നം. 24/22.3.14 -436969

ഡി.ഡി.നം-185575/25-3-14

പഞ്ചായത്ത് ഭരണ സമിതിയുടെ 1(7)/25.02.14 നമ്പർ തീരുമാന പ്രകാരം പദ്ധതിയുടെ നിർവഹണം, നടത്തിപ്പ് എന്നിവ സംബന്ധിച്ച് ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ എടുത്തിരുന്നു.

1. 5 മുതൽ 10 വരെയുള്ള വനിതകൾ ഉൾപ്പെടുന്ന ഒരു സംഘം രൂപീകരിച്ച്, എഗ്രിമെന്റ് വെച്ച് സംഘത്തിനെ നടത്തിപ്പ് ഏല്പ്പിക്കുക.

2. കൃഷിഭവനു താഴെയുള്ള ഒഴിഞ്ഞ സ്ഥലത്ത് (മാർക്കററിനകത്ത്) മെഷീൻ സ്ഥാപിക്കുക.

3. ജനങ്ങൾ നേരിട്ട് പ്ളാസ്ററിക്ക് അവശിഷ്ടങ്ങൾ യൂണിറ്റിൽ എത്തിക്കുന്നതിന് ജനപ്രതിനിധികളെ ചുമതലപ്പെടുത്തുക.

4. പ്ളാസ്ററിക്ക് അവശിഷ്ടങ്ങൾ യൂണിറ്റിൽ എത്തിക്കുന്നതിന് വാർഡു തല ശുചീകരണ സമിതികൾക്ക് നിശ്ചിത നിരക്ക് നൽകുക. (ശുചിത്വ മിഷനിൽ നിന്നും ലഭിക്കുന്ന 10000 രൂപ ഇതിനായി വിനിയോഗിക്കുക).

13-3-14-ലെ 1(5) നമ്പർ തീരുമാന പ്രകാരം 5 വനിതകൾ ഉൾപ്പെട്ട കുടുംബശ്രീ യൂണിറ്റിനെ അംഗീകരിച്ചു. ടെണ്ടർ നടപടി ക്രമങ്ങളിലൂടെ, കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ആലുവയിലുള്ള പ്രകൃതി ഗ്രൂപ്പിൽ നിന്ന് പ്ളാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് വാങ്ങാൻ തീരുമാനിച്ചു. (25-2-14)-ലെ 1(2) നമ്പർ ഭരണ സമിതി തീരുമാനം) 18-3-14-ലെ 17ാം നമ്പർ കരാറിന്റെ അടിസ്ഥാനത്തിൽ 19-3-14ൽ പ്ളാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് പഞ്ചായത്തിലേക്ക് വിതരണം ചെയ്തു. എന്നാൽ ഇതു സംബന്ധിച്ച തുടർ നടപടികൾ ഒന്നും തന്നെയുണ്ടായില്ല. പഞ്ചായത്ത് ഭരണ സമിതിയുടെ 1 മുതൽ 4 വരെയുള്ള തീരുമാനങ്ങൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. നിലവിൽ മാർക്കറ്റിനകത്ത് കൃഷിഭവനു തൊട്ടു താഴെയുള്ള ഗോഡൗണിൽ കവർ പോലും പൊട്ടിക്കാതെ മെഷിനറി സൂക്ഷിച്ചിരിക്കുകയാണ്. 19-3-14-ൽ പഞ്ചായത്തിലേക്ക് വിതരണം ചെയ്ത പ്ളാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റിന്റെ വാറന്റി ഒരു വർഷം മാത്രമാണ്. വാറന്റി കാലാവധി തീർന്ന പ്ളാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് പ്രവർത്തന യോഗ്യമാണോ എന്നത് ഉറപ്പു വരുത്തിയിട്ടില്ല. ദീർഘവീക്ഷണമില്ലാതെ നടപ്പിലാക്കിയതും, തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാത്തതും പദ്ധതിയിലെ പാളിച്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. പദ്ധതി അടിയന്തിരമായി പ്രാവർത്തികമാക്കേണ്ടതാണ്. ചെലവ് തുക 463804 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-2 പഞ്ചായത്ത് ഓഫീസ് - സി.സി.ടി.വി. - പരാജയപ്പെട്ട പദ്ധതി

പദ്ധതി - S00. 6/14
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ഫണ്ട് - ലോകബാങ്ക്

അടങ്കൽ - 80,000

ചെലവ് - 72,201

ട്രഷറി ബിൽ നം. 42/31.3.14

ഡി.ഡി.നം. 186606/ 2.4.14

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് തൃപ്രയാറിലെ എക്സൽ IT- സൊല്യൂഷൻ എന്ന സ്ഥാപനത്തിൽ നിന്നും 7 Dome camera, 1 ബുള്ളറ്റ് ക്യാമറ എന്നിവ അടക്കം 8 ക്യാമറകൾ വാങ്ങിയിട്ടുണ്ട്. (ടെണ്ടർ നടപടി ക്രമങ്ങളിലൂടെ) ഇതിൽ ഏഴ് ക്യാമറകളാണ് സ്ഥാപിച്ചു കാണുന്നത്. (കോൺഫറൻസ്ഹാൾ-2, ഫ്രണ്ട്ഓഫീസ്-1, തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിൽ 1, VEO ഓഫീസ് -1, ഓഫീസിൽ-2, ബുള്ളറ്റ് ക്യാമറ ഓഫീസിനു പുറത്തും സ്ഥാപിച്ചിട്ടുണ്ട്). ഓഫീസിൽ സ്ഥാപിച്ച 2 ക്യാമറകളുടെ കണക്ഷൻ 8-12-15ലെ 7-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിച്ഛേദിച്ചു. പഞ്ചായത്ത് ഓഫീസിലെ സുഗമമായ പ്രവർത്തനത്തിന് അനിവാര്യമല്ലാത്തതിനാലും വനിത ജീവനക്കാരുടെ മൊബൈലിലേക്ക് ഇന്റർനെറ്റ് കണക്ഷൻ വഴി ആഡിയോ റെക്കോർഡിംഗ് പോകുന്നതിനാലുമാണ് ഓഫീസിൽ സ്ഥാപിച്ച ക്യാമറകളുടെ കണക്ഷൻ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിച്ഛേദിച്ചത് എന്ന് സെക്രട്ടറി അറിയിച്ചു. ദീർഘ വീക്ഷണമില്ലാതെ നടപ്പിലാക്കിയതു മൂലം പദ്ധതി പരാജയമായതായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്. ചെലവ് 72.201/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-3 'പുര' പദ്ധതി നടപ്പിലായില്ല

ഗ്രാമീണ മേഖലയിൽ നാഗരിക സൗകര്യങ്ങൾ ഒരുക്കുന്നതിനായി ഗ്രാമ വികസന മന്ത്രാലയം, ഗവൺമെന്റ് ഓഫ് ഇന്ത്യ നടപ്പിലാക്കുന്ന പുര പദ്ധതിയിൽ (PROVISION OF URBAN AMINITIES IN RURAL AREAS) തളിക്കുളം ഗ്രാമപഞ്ചായത്തിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. നിർവ്വഹണ ഏജൻസി INKEL ആണ്. പ്രിൻസിപ്പൽ സെക്രട്ടറിയുടെ 26.5.12-ലെ 66145/DP3/11/LSGD കത്ത് പ്രകാരം ടി പ്രോജക്റ്റിന്റെ DPR അംഗീകരിച്ചിട്ടുണ്ട്. പ്രിൻസിപ്പൽ സെക്രട്ടറിയുടെ 3.1.13-ലെ മേൽ നമ്പർ കത്ത് പ്രകാരം ടി പദ്ധതിയുടെ പ്രതീക്ഷിക്കുന്ന ഫണ്ട് വിവരം താഴെ പറയുന്നതാണ്.

MoRD schemes 1083.54 lakhs

Non MoRD 676.96 "

State contribution 1061.11 "

Term loan by SPV 109 "

Grant by MoRD 3741.45 "

Contribution by SPV 3115.83 "

TOTAl 10732.15 "

ആകെ 14 പദ്ധതികളാണ് 'പുര' യിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ടി പദ്ധതി സംബന്ധിച്ച് 7.5.14-ൽ കളക്ടറുടെ ചേംബറിൽ ചേർന്ന യോഗ നടപടികളിൽ ബന്ധപ്പെട്ട നോഡൽ ഏജൻസികളിൽ നിന്ന് ഫണ്ട് ലഭ്യമാകാത്തതാണ് പദ്ധതി ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിന് കാരണമെന്ന് ഇൻകൽ പ്രതിനിധി അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ മുഖഛായ മാറ്റുന്ന ടി പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിലേയ്ക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു.

3-4 ബയോഗ്യാസ് പ്ളാന്റ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ - ചെലവു തുക തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് – SO – 103/14 (ബയോഗ്യാസ് പ്ളാന്റ്)
നിർവ്വഹണ ഉദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ.
ട്രഷറി ബിൽ നമ്പർ, തുക – 27/ 21.03.14, 286875/-

ധനകാര്യ വിശകലനം

വികസന ഫണ്ട്	286875/-
ഗുണഭോക്തൃ വിഹിതം (പഞ്ചായത്തിൽ അടവാക്കുന്നത്)	499375/-
ശുചിത്വ മിഷൻ ഫണ്ട്	998750/-

ആകെ	1785000/-

ബയോഗ്യാസ് പ്ളാന്റുകൾ സ്ഥാപിക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ കുറവു നിരക്ക് ക്വാട്ട് ചെയ്ത റെയ്ഡ്കോയുടെ ടെണ്ടർ പഞ്ചായത്ത് ഭരണ സമിതിയുടെ 28.01.14-ലെ 1(2) നമ്പർ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അംഗീകരിച്ചു. 26.02.14-ൽ റെയ്ഡ്കോയുമായി കരാറിലേർപ്പെട്ടു.

<u>കരാറിലെ പ്രധാന വ്യവസ്ഥകൾ</u>

1. 135 യൂണിറ്റുകൾക്ക് 10450/- നിരക്കിൽ 1410750/- രൂപ റെയ്ഡ്കോവിന് നൽകണം.
2. ചെലവിന്റെ 20% തുക അഡ്വാൻസ്.
3. 90% പൂർത്തിയാകുന്ന മുറയ്ക്ക് 60% തുക.
4. ബയോഗ്യാസ് പ്ളാന്റ് സ്ഥാപിച്ച്, പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് 20%.

ബയോഗ്യാസ് പ്ളാന്റുകൾക്ക് 1 വർഷത്തെ ഗ്യാരണ്ടി റെയ്ഡ്കോ നൽകുന്നതായിരിക്കും.

<u>പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ</u>

1) ഗുണഭോക്തൃ ലിസ്റ്റ്.
2) ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ ശേഖരിച്ചതിന്റേയും അടവാക്കിയതിന്റേയും രേഖകൾ.
3) വികസന ഫണ്ടിൽ നിന്നും പിൻവലിച്ച തുക, 286875/- രൂപ സ്ഥാപനത്തിൽ അടവാക്കിയതിന്റെ രേഖകൾ.
4) പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം
എന്നിവ ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവു തുക 2,86,875/- രൂപ തടസ്സപ്പെടുത്തുന്നു.

3-5 എസ്.സി. കോളനികളിൽ ബയോഗ്യാസ് പ്ളാന്റ് അപാകതകൾ

പ്രോജക്റ്റ് നമ്പർ - 90/14
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

ബിൽ നമ്പർ – 43/29.3.14

തുക - 113636

കരാർ നമ്പർ – /31.3.13

ഗ്രാമപഞ്ചായത്തിലെ 6 എസ്.സി. കോളനികളിലെ അംഗനവാടികളിൽ ബയോഗ്യാസ് പ്ളാന്റ് സ്ഥാപിയ്ക്കുന്നതിനുള്ള പ്രോജക്ടിൽ ഐ.ആർ.ടി.സി.യ്ക്ക് മേൽ വിവരിച്ച പ്രകാരം ഫൈനൽ ബിൽ തുക നൽകിയിട്ടിട്ടുണ്ട്. പൂർത്തീകരണ സാക്ഷ്യപത്ര പ്രകാരം 5/14, 6/14 മാസങ്ങളിലായി ടി പ്രോജക്ട് പൂർത്തീകരിച്ചിട്ടുണ്ട്. 22.12.15-ന് ഓഡിറ്റ് സംഘം അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ പുനരധിവാസ കോളനിയിലെ അംഗനവാടിയിൽ സ്ഥാപിച്ചിട്ടുള്ള 7.5m3 (50 kg./day) ബയോഗ്യാസ് പ്ളാന്റ്, കലാനി കോളനിയിലെ 1m3 (15 kg./day) ബയോ ഗ്യാസ് പ്ളാന്റ് എന്നിവ കണ്ടു. അവ ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

16.2.12 ലെ ഐ.ആർ.ടി.സി.യുടെ കത്ത് പ്രകാരം അംഗനവാടികളിലെ ആവശ്യം കഴിഞ്ഞുള്ള ഇന്ധനം പരിസരത്തുള്ള വീടുകൾക്ക് പാചക ആവശ്യത്തിനു നൽകാവുന്നതാണ്. ആയതിൽ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. 495434/- രൂപയാണ് ടി പ്രോജക്ടിന്റെ ആകെ ചെലവ്. ചെലവഴിച്ച തുക പാഴാകാതിരിയ്ക്കുന്നതിന് ബയോഗ്യാസ് പ്ളാന്റുകൾ പ്രവർത്തിപ്പിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. (ചിത്രം അനുബന്ധമായി ചേർക്കുന്നു).
ചുരുങ്ങിയ കാലയളവിനുള്ളിൽ ബയോഗ്യാസ് പ്ളാന്റുകൾ പ്രവർത്തനരഹിതമായത് പദ്ധതി നടത്തിപ്പിലെ വീഴ്ചയാണ്.

3-6 വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം - അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായമിനത്തിൽ ലക്ഷ്മി, ആറുകെട്ടി, തമ്പാൻ കടവ് എന്ന ഗുണഭോക്താവിന് ഡി.ഡി.നമ്പർ 184321/25.2.14 പ്രകാരം 30000 രൂപ നൽകിയിട്ടുണ്ട്. ജി.ഒ.(പി) 339/13 ധനം 12.7.13

ഉത്തരവ് പ്രകാരം 1.4.13 മുതലാണ് 30000 രൂപ വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായമായി നല്ലാവുന്നത്. ടി ഗുണഭോക്താവിന്റെ മകളുടെ വിവാഹം നടന്നിരിക്കുന്നത് 3.2.2013-ന് ആണ്. ആ കാലയളവിൽ അർഹതയുള്ള ധനസഹായം 20000/- രൂപയാണ്. അധികമായി നൽകിയ 10000 രൂപ ഉത്തരവാദിയായവരിൽനിന്നും തിരികെ ഈടാക്കേണ്ടതാണ്.

3-7 വനിത ലോൺട്രി യൂണിറ്റ് - നിർവഹണത്തിലെ അപാകതകൾ

പദ്ധതി. S0.116/14,

ലോൺട്രി യൂണിറ്റ് - വനിത,

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെമ്പർസെക്രട്ടറി, CDS,

ഫണ്ട് - 13th CFC – 200000

(ട്രഷറി ബിൽ നമ്പർ – 27/29-3-14, തുക-200000)

ബാങ്ക് വായ്പ – 300000

ആകെ – 500000

ഗ്രേഡിംഗ് കഴിഞ്ഞ, പരിശീലനം ലഭിച്ച കുടുംബശ്രീ യൂണിറ്റുകൾക്ക് ബാങ്ക് വായ്പ ലഭിക്കുന്ന മുറയ്ക്ക് സബ്സിഡി അനുവദിക്കാനും, ബാങ്ക് മുഖേന ലോൺട്രി യൂണിറ്റിന് ആവശ്യമായ മെഷീനുകൾ വാങ്ങിക്കാനുമാണ് പ്രൊജക്റ്റിൽ ലക്ഷ്യമിട്ടിരുന്നത്. 13.3.14-ലെ 1(4) നമ്പർ ഭരണ സമിതി തീരുമാന പ്രകാരം 5 വനിതകളെ ഉൾപ്പെടുത്തി യൂണിറ്റ് ആരംഭിക്കാനും ഇവർക്ക് യൂണിറ്റ് തുടങ്ങാനുള്ള ധനസഹായം അനുവദിക്കാനും തീരുമാനിച്ചു. പദ്ധതിയുമായി ബന്ധപ്പെട്ട താഴെ വിവരിക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1. കുടുംബശ്രീ യൂണിറ്റ് രജിസ്റ്റർ ചെയ്തതിന്റേയും, ഗ്രേഡിംഗ് കഴിഞ്ഞതിന്റേയും വിശദാംശങ്ങൾ.
2. ബാങ്ക് വായ്പ അനുവദിച്ചതിന്റെ രേഖകൾ. (ലോൺപാസ്സ് ബുക്ക്)

രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു ചെയ്ത 200000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-8 പത്താംതരം തുല്യത പരീക്ഷ - പഠിതാക്കളുടെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല - ചെലവുതുക തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥ – ഹെഡ്മിസ്ട്രസ്

പ്രോജക്റ്റ് – SO105/14 (സമഗ്രആരോഗ്യ വിദ്യാഭ്യാസ പദ്ധതി)

(തനതുഫണ്ട്) ചെക്കുനമ്പർ – 2136997/ 20.2.14

സമഗ്ര ആരോഗ്യ വിദ്യാഭ്യാസ സുരക്ഷ പദ്ധതിയിൽഉൾപ്പെടുത്തി, പത്താംതരം തുല്യത കോഴ്സ് ഫീസിനത്തിൽ 20 പഠിതാക്കളുടെ കോഴ്സ് ഫീസായി 30000 രൂപ സംസ്ഥാന സാക്ഷരത മിഷന് കൈമാറിയിട്ടുണ്ട്. (@1500) (ഡി.ഡി നംപർ 184137/20-2/14). കമ്മിറ്റി തീരുമാനം, പഠിതാക്കൾ പരീക്ഷയിൽ പങ്കെടുത്തതിന്റേയും, റിസൾട്ടു സംബന്ധിച്ച വിശദാംശങ്ങളും ഹാജരാക്കിയിട്ടില്ലാത്തതിനാൽ 30000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-9 രേഖകൾ ഹാജരാക്കിയിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു.

2013-2014 സാമ്പത്തിക വർഷം താഴെ പറയുന്ന ഇനങ്ങൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്.

സീ. നം.	പേയ്മെന്റ് നമ്പർ	വൗച്ചർ നമ്പർ/ തീയതി	തുക	വിഷയം	റിമാർക്ക്
1	055	21300055 16-4-13	10000/	മന്ത് രോഗ നിവാരണം പരിപാടി	ചെലവ് രേഖകൾ ഹാജരാക്കി യിട്ടില്ല.
2	275	21300276 9-7-2013	3400/-	SSLC എല്ലാ വിഷയത്തിലും A+ നേടിയ വിദ്യാർത്ഥികൾക്ക് ഉപഹാരം നൽകൽ	ഗുണഭോക്താക്കളുടെ ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ 21/22.12.15 പ്രകാരം രേഖകൾ ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല. ആയതിനാൽ 13400/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-10 ആശ്രയ -ജനറൽ,എസ്.സി.പി. ഫണ്ടുകളിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക 800000രൂപ

1.ആശ്രയ -ജനറൽ - 66/14
നിർവ്വഹണ ഉദ്യോഗസ്ഥൻ - മെമ്പർ സെക്രട്ടറി, സി.ഡി.എസ്.

പദ്ധതി അടങ്കൽ -10,00,000 (4പേർക്ക് @ 250000)

ചെലവ് - 4,50,000

ആശ്രയ-ജനറൽ പദ്ധതിയിൽ ഉൾപ്പെട്ട ദമയന്തി, എരണേഴത്ത്, പുളിയാമ്പ്ര എന്ന ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല. 10/14 വരെ ഇവർക്ക് 2,00,000 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. കൗസല്യ നെടും പാറൻ, കമല അറുകെട്ടി എന്നീ ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതിനാൽ ഇവർക്കുള്ള ധനസഹായത്തുക അടക്കം 550000 രൂപ ആശ്രയ ഫണ്ടിൽ അവശേഷിക്കുന്നുണ്ട്. അർഹരായ മറ്റുഗുണഭോക്താക്കളെ കണ്ടെത്തേണ്ടതും, അവർക്ക് ധനസഹായം നൽകി പദ്ധതിപ്പണം പാഴാകാതെ ശ്രദ്ധിക്കേണ്ടതുമാണ്.

2. ആശ്രയ- SCP- Soo. 67/14
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെമ്പർ സെക്രട്ടറി, സി.ഡി.എസ്.

അടങ്കൽ - 7,50,000 (3പേർക്ക്@250000)

ചെലവ്- 5,00,000

ഗുണഭോക്താവായ ഷൈലജ. പുന്നൂരുവളപ്പിൽ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതിനാൽ ഇവർക്കുള്ള ധനസഹായത്തുക 250000 രൂപ ആശ്രയ ഫണ്ടിൽ അവശേഷിക്കുന്നുണ്ട്. അർഹരായ മറ്റു ഗുണഭോക്താക്കളെ കണ്ടെത്തേണ്ടതും, അവർക്ക് ധന സഹായം നൽകി പദ്ധതിപ്പണം പാഴാകാതെ ശ്രദ്ധിക്കേണ്ടതുമാണ്.

3-11 തെരുവു വിളക്കുകൾ

തെരുവു വിളക്കുകളുടെ വൈദ്യുതിച്ചാർജിനത്തിൽ 2013-14 സാമ്പത്തിക വർഷം 1337311/- രൂപ അടവാക്കിയിട്ടുണ്ട്. തെരുവു വിളക്കുകളുടെ വിശദാംശങ്ങൾ സംയുക്ത പരിശോധന നടത്തിയിട്ടില്ല. ആയത് നടത്തി ഉപയോഗിക്കുന്ന വിളക്കുകൾക്ക് മാത്രമേ വൈദ്യുതിച്ചാർജ് അടവാക്കുന്നുള്ളു എന്നുറപ്പ് വരുത്തേണ്ടതാണ്. കൂടാതെ തെരുവു വിളക്കുകളുടെ എണ്ണം, ഇനം എന്നിവ രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കേണ്ടതുമാണ്.

3-12 പാലിയേറ്റീവ് കെയർ നേഴ്സിനു ഹോണറേറിയം നൽകിയത് -രേഖകൾ ഹാജരാക്കിയിട്ടില്ല.

പ്രോജക്റ്റ് നമ്പർ – soo 72/14

ട്രഷറി ബിൽ നമ്പർ – 2/13-14, തുക- 37800 രൂപ

3/13-14 തുക- 177820 രൂപ

5/13-14 തുക- 45380രൂപ

നിർവഹണഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

മേൽ പദ്ധതി പ്രകാരം പാലിയേറ്റീവ് കെയർ നേഴ്സ് ജിഷ.പി.എസ് എന്നവർക്ക് 2013 ഏപ്രിൽ മുതൽ 2014 മാർച്ച് വരെ 69000 രൂപ ശമ്പളമായി നൽകിയിട്ടുണ്ട്. എന്നാൽ ഫീൽഡ് വിസിറ്റ് നടത്തിയത് സംബന്ധിച്ച് മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മെന്റോ അതു സംബന്ധിച്ച രജിസ്റ്ററോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ രേഖകൾ ഹാജരാക്കുന്നതു വരെ ഈയിനത്തിൽ ചെലവ് ചെയ്ത 69000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-13 ക്ഷേമപെൻഷൻ -അപാകതകൾ

1. ഒരു വ്യക്തിക്ക് രണ്ടു പെൻഷൻ അനുവദിച്ചിരിക്കുന്നു.

a) മാധവി, തണ്ടയാം പറമ്പിൽ എന്നവർക്ക് 4/13 മുതൽ 7/13 വരെ കർഷകത്തൊഴിലാളി പെൻഷൻ (ID-107570100172),

വിധവാ പെൻഷൻ (ID-10757060025８) എന്നീ രണ്ടു പെൻഷൻ ഒരേ സമയം അനുവദിച്ചിരിക്കുന്നു. 4/13 മുതൽ 7/13 വരെ അനുവദിച്ച 2800/- രൂപ തിരികെ ഈടാക്കേണ്ടതാണ്

b)കൗസല്യ പള്ളിയേരി എന്നവർക്ക് വിധവാ പെൻഷൻ രണ്ടു പ്രാവശ്യം (10757060264, 10757060302) 4/13 മുതൽ 7/13 വരെ ഒരേ സമയം അനുവദിച്ചിരിക്കുന്നു. രണ്ടാമത് നൽകിയ പെൻഷൻ റദ്ദ് ചെയ്യേണ്ടതും അധികമായി നല്കിയ 2800 രൂപ തിരികെ ഈടാക്കേണ്ടതാണ്. ഈയിനത്തിൽ അധികമായി നൽകിയ 5600 രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഒരു പെൻഷൻ മാത്രം നിലനിർത്തേണ്ടതും അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്.

2.ക്ഷേമപെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം

പെൻഷൻ	അപേക്ഷകന്റെ പേര്/ മേൽവിലാസം	അപേക്ഷ നല്കിയ തീയതി	തീരുമാനമെടുത്ത തീയതി
വിധവാ പെൻഷൻ	ലളിതാ ഭാസ്കരൻ തണ്ടയാംപറമ്പിൽ	3.6.13	10.10.13
വിധവാ പെൻഷൻ	ജാനകി, തളിക്കുളം ഹൗസ്	1.4.13	26.7.13
വിധവാ പെൻഷൻ	വത്സല ഗോപാലൻ മരുതയിൽ	9.4.13	25.10.13
വിധവാ പെൻഷൻ	ഷീജ മാടമ്പി തമ്പാൻകടവ്	4.4.13	25.10.13
കർഷകതൊഴിലാളി പെൻഷൻ	രവീന്ദ്രൻ തിരുവാടത്ത്	9.4.13	26.7.13
കർഷക തൊഴിലാളി പെൻഷൻ	രാമകൃഷ്ണൻ കിഴക്കേപ്പാട്ട്	13.5.13	16.11.13
വാർധക്യകാല പെൻഷൻ	കുഞ്ഞാത്തു പാണാട്ടുകയിൽ	4.5.13	16.8.13
വാർധക്യകാല പെൻഷൻ	ഉഷാരാജൻ അറയ്ക്കൽ	31.7.13	25.10.13
വാർധക്യകാല പെൻഷൻ	കോമളവല്ലി ചെറിയേടത്ത്	23.8.13	29.11.13
വാർധക്യകാല പെൻഷൻ	കദീജ വലിയകത്ത്	24.8.13	29.11.13
വികലാംഗ പെൻഷൻ	ചന്ദ്രൻ പണിക്കശ്ശേരി	1.4.13	8.7.13
വികലാംഗ പെൻഷൻ	സുനിത പടിയത്ത്	1.4.13	10.10.13
50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	സൗദ പണിക്കവീട്ടിൽ	1.6.13	29.11.13
50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	നെസീമ കറപ്പംവീട്ടിൽ	3.7.13	10.10.13

50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	ശാന്ത ചക്കാലപ്പുറത്ത്	17.7.13	29.11.13
50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	സുബൈദ കുളങ്ങരകത്ത്	18.4.13	8.7.13

3. മരണമടഞ്ഞവർക്ക് പെൻഷൻ അയക്കുന്നതിനാലും മറ്റ് കാരണത്താലും പെൻഷനുകൾ തിരികെ വരുന്നതു മൂലം മണിയോർഡർ കമ്മീഷൻ ഇനത്തിൽ തുക നഷ്ടപ്പെടുന്നു.

പെൻഷൻ	മടങ്ങിവന്ന തുക	മണിയോർഡർ കമ്മീഷൻ
വാർധക്യകാല പെൻഷൻ	3400	170
വിധവാ പെൻഷൻ	29750	1488
വികലാംഗ പെൻഷൻ	7000	350
കർഷകതൊഴിലാളി പെൻഷൻ	24500	1225

പെൻഷൻ ലിസ്റ്റുകൾ കാലികമാക്കി മേൽ അപാകത ഒഴിവാക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

3-14 വാഹനപരിപാലനം - അപാകതകൾ

ഗ്രാമപഞ്ചായത്തിലെ KL-46 A 6339 നമ്പർ പഞ്ചായത്ത് വാഹനത്തിന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.അറ്റകുറ്റപ്പണികൾ സംബന്ധിച്ച വിവരങ്ങൾ ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

2.ഓരോ മാസാവസാനവും തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്തക്കുറിപ്പ് ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

3. വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസർ ആയ സെക്രട്ടറി ലോഗ്ബുക്ക് പരിശോധിച്ചു സാക്ഷ്യപ്പെടുത്തി കാണുന്നില്ല. അപാകതകൾ ഒഴിവാക്കേണ്ടതും വാഹന പരിപാലനം, സംരക്ഷണം എന്നിവ സംബന്ധിച്ച സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്)170/07 ത.സ്വ.ഭ.വ 30.6.07 പ്രകാരം ലോഗ് ബുക്ക് യഥാവിധി പരിപാലിക്കുന്നുണ്ടെന്ന് കസ്റ്റോഡിയൻ ഓഫീസർ ഉറപ്പു വരുത്തേണ്ടതാണ്.

3-15 വാട്ടർ കൂളർ ഉപയോഗയോഗ്യമാക്കേണ്ടതാണ്.

പദ്ധതി - 4/14 (ജനറൽ) പഞ്ചായത്ത് ഓഫീസിലേക്ക് വാട്ടർ കൂളർഅടങ്കൽ - 30,000
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ഫണ്ട് - വികസന ഫണ്ട്

ചെലവ് - 25,476

ബിൽ നം. - 45/31.3.14

ഡി.ഡി.നം - 051712/5.6.14

10 ലിറ്റർ കപ്പാസിറ്റിയും, 3 ടാപ്പുകൾ ഉള്ള (cool, normal, hot) വാട്ടർ കൂളർ ഉപയോഗിക്കുന്നതായി കാണുന്നില്ല. വാട്ടർകൂളർ ഉപയോഗയോഗ്യമാക്കേണ്ടതാണ്.

3-16 നിർവഹണ ഉദ്യോഗസ്ഥർ നിശ്ചിത മാതൃകയിലുള്ള ക്യാഷ്ബുക്ക് സൂക്ഷിക്കുന്നില്ല.

ഗവൺമെന്റ് ഉത്തരവ് (പി) 177/06 ധനം 12.4.06 ഖ.18.2 പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ TR-7A ക്യാഷ്ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റേയും വരവ് ചെലവ്

വിവരം രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.), ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നീ നിർവഹണ ഉദ്യോഗസ്ഥർ നിശ്ചിത മാതൃകയിലുള്ള ക്യാഷ്ബുക്ക് സൂക്ഷിക്കുന്നില്ല. നിശ്ചിത മാതൃകയിലുള്ള ക്യാഷ്ബുക്ക് തയ്യാറാക്കി ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്. കൂടാതെ ഐ.സി.ഡി.എസ്. സൂപ്പർവൈസർ ഹാജരാക്കിയ ക്യാഷ്ബുക്കിൽ കൃത്യമായി വരവ് ചെലവ് വിവരങ്ങൾ ചേർത്തിട്ടില്ല. ക്യാഷ്ബുക്കിൽ വരവ് ചെലവ് വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

3-17 കമ്മ്യൂണിറ്റി ഹാൾ നവീകരണം-ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ പാലിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്ട് നമ്പർ – 114/14

അടങ്കൽ – 100000

എഗ്രിമെന്റ് നമ്പർ – 37/14.3.14
എം. ബുക്ക് നമ്പർ – 270/13-14

കൺവീനർ – ഗോപാലൻ.കെ.ആർ.

ബിൽ നമ്പർ - 48/ 31.3.14

തുക – 99945

1999-ലെ ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ പ്രകാരം സംയുക്ത അക്കൗണ്ട് തുടങ്ങിയതിന്റെ വിവരം, വൗച്ചറുകൾ, മസ്റ്റർ റോളുകൾ എന്നിവ ഹാജരാക്കിയിട്ടില്ല. വരവ് ചെലവ് കണക്കുകൾ പാസ്സാക്കിയിട്ടില്ല. ഗുണഭോക്തൃസമിതി പ്രവർത്തികളിൽ മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

3-18 കൃഷിഭവൻ മെയിന്റനൻസ് അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ
പ്രൊജക്റ്റ് നമ്പർ - 38/14

അടങ്കൽ തുക – 150000 (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം)

എഗ്രിമെന്റ് നമ്പർ- 5/14.8.13

ബിൽ നമ്പർ - 16/27.12.13

തുക - 149385

കരാറുകാരൻ - സുധീർ.E.P.S

ആകെ പ്രവൃത്തി മൂല്യം- 149385

എം. ബുക്ക് - 103/12-13

കൃഷിഭവൻ കെട്ടിടത്തിൽ ടെറസിൽ ട്രസ് വർക്ക് നടത്തിയിട്ടുള്ള സ്ഥലത്ത് ഫോൾസ് സീലിംഗ് ഗ്രിൽ, വർക്ക്, ടൈൽ വർക്ക് എന്നിവ ചെയ്ത് മീറ്റിങ്ങുകൾ നടത്തുന്നതിന് ഉപയോഗപ്രദമാക്കുന്നതിനാണ് പ്രൊജക്റ്റ് ലക്ഷ്യമിടുന്നത്. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ 22.12.15-ൽ ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ ഫാൾസ് സീലിംഗ് ഭാഗികമായി തകർന്ന് ഹാൾ ഉപയോഗ ശൂന്യമായ അവസ്ഥയിലാണെന്ന് കാണുന്നു. 13-14 വർഷത്തിൽ പൂർത്തീകരിച്ച പ്രവൃത്തി ചുരുങ്ങിയ കാലയളവിൽ തകർന്നത് പ്രവൃത്തിയുടെ ഗുണ നിലവാരമില്ലായ്മയാണ് സൂചിപ്പിക്കുന്നത്. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (ചിത്രം അനുബന്ധമായി ചേർക്കുന്നു.)

3-19 റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കിയിരിക്കണം

പദ്ധതി മാർഗ്ഗരേഖ 225/18.8.12 പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കിയിരിക്കണം. ഏതൊരു റോഡ് നിർമ്മാണ പ്രോജക്ടിനോടൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രോജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവർത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണം. ഗ്രാമപഞ്ചായത്തിൽ ആയത് നടപ്പിലാക്കിയിട്ടില്ല. പദ്ധതി മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

3-20 ഡെപ്പോസിറ്റ് പ്രവർത്തികൾ - വിനിയോഗ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.-533000 രൂപ തടസപ്പെടുത്തുന്നു.

a) 4,5 വാർഡുകളിലെ മിനി കുടിവെള്ള പദ്ധതി.

പദ്ധതി നമ്പർ - 800. 99/14(ജനറൽ)
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ - 5,00,000

ചെലവ് - 5,00,000

ഫണ്ട് - വികസന ഫണ്ട്

ട്രഷറി ബിൽ നം. -18/19.3.14

ഡി.ഡി. നം.- 185495/ 21.3.14

b) 5-ാംവാർഡ് സ്ട്രീറ്റ് ടാപ്പ് - ലൈൻ എക്സ്റ്റൻഷൻ

പദ്ധതി നമ്പർ - 109/14 (ജനറൽ)
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ഫണ്ട് -തനത്

അടങ്കൽ – 33,000

ചെലവ് - 33,000

ഡി.ഡി. നം. - 184763/ 11.3.2014.

മേൽ പ്രോജക്ടുകൾ പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇക്കാരണത്താൽ ചെലവു തുക 533000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-21 കാർഷിക ഉപകരണങ്ങൾ ലേലം ചെയ്യേണ്ടതാണ്

22.12.15-ൽ നടത്തിയ സ്ഥല പരിശോധനയിൽ കൃഷി ഓഫീസിനു താഴെയുള്ള ഗോഡൗണിൽ ടില്ലർ, ട്രെയിലർ എന്നീ കാർഷിക ഉപകരണങ്ങൾ ഉപയോഗശൂന്യമായ നിലയിൽ കാണപ്പെട്ടു. യന്ത്രങ്ങൾ ലേലം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-22 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഓഡിറ്റ് വർഷം 220പദ്ധതികൾക്ക് കർമ്മ പദ്ധതി പ്രകാരം അംഗീകാരം ലഭിച്ചു. ആയതിൽ നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം 145 ആണ്. ഓഡിറ്റ് വർഷത്തെ ആകെ വരവ് 98.65 ലക്ഷം രൂപയും ചെലവ് 97.34 രൂപയുമാണ്. ആയതിൽ വേതന ഇനത്തിൽ ചെലവഴിച്ച തുക 88.68 ലക്ഷം രൂപയാണ്. ആകെ 2519 പേർ തൊഴിലിനായി രജിസ്റ്റർ ചെയ്തതിൽ 2474 പേർക്ക് തൊഴിൽ നൽകി. ആകെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ 60343 ആണ്. വെള്ളപ്പൊക്ക നിയന്ത്രണം പദ്ധതികൾക്ക് 24.4045 ലക്ഷം രൂപയും ജല സംരക്ഷണ പദ്ധതികൾക്ക് 4.8323 ലക്ഷം രൂപയും ജലസേചന പദ്ധതികൾക്ക് 22.1039 ലക്ഷം രൂപയും ഭൂവികസന പദ്ധതികൾക്ക് 41.278 രൂപയും ഓഡിറ്റ് വർഷം ചെലവഴിച്ചു.

3-23 ഡി ആന്റ് ഒ ലൈസൻസ് നൽകുന്നതിലെ കാര്യക്ഷമത - അവലോകനം

ഓഡിറ്റ് ലക്ഷ്യം

മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാക്കുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് D&O ലൈസൻസ് അനുവദിക്കുമ്പോൾ ഗ്രാമപഞ്ചായത്തുകൾ നിയമവും ചട്ടവും ഉത്തരവുകളും പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കൽ.

ഓഡിറ്റ് മാനദണ്ഡം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 232, 233, 234 വകുപ്പുകൾ, 1996 ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും.

1. രണ്ടു വർഷങ്ങളിൽ അനുവദിച്ച ലൈസൻസിന്റെ വിവരം താഴെ ചേർക്കുന്നു. (ലൈസൻസ് പുതുക്കിയവയടക്കം)

വർഷം	ചെറുകിട വ്യാപാര സ്ഥാപന ങ്ങളുടെ വിവരം	ഹോട്ടലുകൾ/ ഭക്ഷ്യസംസ്കരണ ശാലകൾ/ കശാപ്പുശാലകൾ/ ഇറച്ചിക്കടകൾ	ആശുപത്രികൾ/ ലാബുകൾ	മറ്റ് സ്ഥാപന ങ്ങൾ	ആകെ സ്ഥാപ നങ്ങൾ
2013-14	330	12	7	3	352
2014-15	365	14	6	3	388

അവലോകനം

2013-14, 2014-15 കാലയളവുകളിൽ വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ 2013-14 സാമ്പത്തിക വർഷം ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 316 സ്ഥാപനങ്ങളും ഡി.ആന്റ്.ഒ. രജിസ്റ്റർ പ്രകാരം 345 സ്ഥാപനങ്ങളുമാണുള്ളത്. 2014-15 സാമ്പത്തിക വർഷം ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 304 സ്ഥാപനങ്ങളും ഡി.ആന്റ്.ഓ രജിസ്റ്റർ പ്രകാരം 379 സ്ഥാപനങ്ങളുമാണുള്ളത്. ആയതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ആകെ സ്ഥാപനങ്ങളുടെ കൃത്യത ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട്. അപേക്ഷകൾ പൂർണ്ണമല്ലാത്തതിനാൽ സമയത്തിന് സമർപ്പിക്കുന്നുണ്ടോ എന്നത് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ലൈസൻസ് സമയപരിധിക്കുള്ളിൽ തന്നെ അനുവദിച്ചു നൽകുന്നുണ്ട്.

2. രണ്ടു വർഷത്തെ അപേക്ഷകളുടെ പരിശോധനയിന്മേലുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വർഷം	കൃത്യമായ അപേക്ഷകൾ	അപൂർണ്ണമായവ	അന്വേഷണ റിപ്പോർട്ട് ഇല്ലാത്തവ	ഹെൽത്ത് ഇൻസ്പെക്ടറുടെ പരിശോധന ഇല്ലാത്തവ	മറ്റ് അപാകതകൾ ഉള്ളവ	ആകെ അപേക്ഷകളുടെ എണ്ണം	കുറിപ്പ്
2013-14	71	257	5	11	8	352	
2014-15	85	206	10	7	80	388	

ഭൂരിഭാഗം അപേക്ഷകളിലും ഹെൽത്ത് ഇൻസ്പെക്ടറുടെ പരിശോധന റിപ്പോർട്ട് ഇല്ല. മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രമില്ലാതെയാണ് പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ഹോട്ടലുകൾ/ഭക്ഷ്യസംസ്കരണ ശാലകൾ/ കശാപ്പുശാലകൾ/ ഇറച്ചിക്കടകൾ എന്നിവയെ മാത്രം കണക്കാക്കിയാണ് കോളം 5 തയ്യാറാക്കിയിട്ടുള്ളത്.

അവലോകനം

അപൂർണ്ണമായ അപേക്ഷകൾ കാരണം ഫീ ചുമത്തിയതിന്റെ കൃത്യത ഉറപ്പു വരുത്താനാവാത്ത അവസ്ഥയുണ്ട്. അപേക്ഷകൾ പൂർണ്ണമല്ലാത്തതിനാലും രജിസ്റ്റർ കൃത്യമല്ലാത്തതിനാലും നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ എന്ന് മനസ്സിലാക്കാനാവുന്നില്ല. 2014-15 കാലയളവിലെ ഭൂരിഭാഗം അപേക്ഷകളിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 2013-14, 2014-15 കാലയളവിൽ അന്വേഷണ റിപ്പോർട്ട് ഇല്ലാത്ത ഏതാനും അപേക്ഷകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. ലൈസൻസ് അപേക്ഷകളോടൊപ്പം ലൈസൻസ് അനുവദിക്കുമ്പോൾ സമർപ്പിക്കേണ്ടതായ അനുബന്ധ രേഖകൾ പലതും ഹാജരാക്കിയിട്ടില്ല.

3. ട്രേഡേഴ്സ് ലിസ്റ്റ് രജിസ്റ്റർ, ഡി&ഒ ലൈസൻസ് രജിസ്റ്റർ എന്നിവ കൃത്യമായ രീതിയിൽ സൂക്ഷിക്കുന്നുണ്ടെങ്കിലും ഡി&ഒ ലൈസൻസ് രജിസ്റ്ററിലും ട്രേഡേഴ്സ് ലിസ്റ്റ് രജിസ്റ്ററിലുമുള്ള സ്ഥാപനങ്ങളുടെ എണ്ണത്തിൽ വ്യത്യാസം കാണുന്നു. ആയതിനാൽ പഞ്ചായത്ത് പരിധിയിലുള്ള ആകെ സ്ഥാപനങ്ങളുടെ കൃത്യത ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല. അതിനാൽ മുൻവർഷം ലൈസൻസ് എടുത്ത എല്ലാ സ്ഥാപനങ്ങളും തൻവർഷം ലൈസൻസ് പുതുക്കിയിട്ടുണ്ടോ എന്നറിയാൻ സാധിച്ചിട്ടില്ല.

4. ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ വിവരം

വർഷം	ഈടാക്കിയ ഡി.ആന്റ്.ഓ	ആകെ തനതു	ശതമാനം	കുടിശ്ശിക	കുറിപ്പ്

	ലൈസൻസ് ഫീസ്	വരുമാനം			
2013-14	60450	5931439	1.02	-	
2014-15	62100	8466648	0.73	-	

അവലോകനം

ആകെ തനത് വരുമാനത്തിന്റെ വളരെ ചെറിയൊരു ശതമാനം മാത്രമാണ് ലൈസൻസ് ഇനത്തിലുള്ള വരവ്.

5. 2013-14,2014-15 കാലയളവുകളിൽ താഴെപ്പറയുന്ന ലൈസൻസികളിൽ നിന്നും കുറവ് ലൈസൻസ് ഫീസാണ് ഈടാക്കിയിട്ടുള്ളത്.

ക്രമനമ്പർ	പേര്/മേൽവിലാസം	ഈടാക്കിയതുക	ഈടാക്കേണ്ടത്	കുറവ്
1	മുഹമ്മദ് ഹുസൈൻ മാളിയേക്കൽ തളിക്കുളം. പാചകവാതകവിതരണം	1000(138/5.4.13)	4000	3000
2	,,	1000(1472/19.06.14)	4000	3000

അവലോകനം

ഡി.ആന്റ്.ഒ. ലൈസൻസ് ഫീസ് ഈടാക്കുമ്പോൾ ചട്ടപ്രകാരമുള്ള തുക ഈടാക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. നിലവിലുള്ള ചട്ടപ്രകാരമാണ് ലൈസൻസ് ഫീസ് ഈടാക്കുന്നതെങ്കിലും എല്ലാ അപേക്ഷകളിലും വരുമാനം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ കൃത്യത ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല.

6. അപേക്ഷകളും അനുബന്ധ രേഖകളും അപേക്ഷകളും അനുബന്ധ രേഖകളും

അപേക്ഷകളോടൊപ്പം പൊതുവായി സമർപ്പിക്കേണ്ട രേഖകളും ചില സ്ഥാപനങ്ങൾക്ക് പ്രത്യേകമായി സമർപ്പിക്കേണ്ട രേഖകളും ഉണ്ട്. അത്തരം രേഖകൾ ഇല്ലാതെ ലൈസൻസ് അനുവദിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

സ്ഥാപനം	പരിശോധിച്ച അപേക്ഷകളുടെ എണ്ണം	അവശ്യം വേണ്ട രേഖകൾ*	ഹാജരാക്കിയരേഖകൾ	അപാകതകളുടെ വിവരം
കച്ചവട സ്ഥാപനങ്ങൾ	400	സത്യവാങ്മൂലങ്ങൾ-പ്ലാസ്റ്റിക്ക് നിരോധനം, പുകവലി, സ്ഥലനാമം, വാടകകരാർ, Occupancy certificate,		സത്യവാങ്മൂലങ്ങൾ-പ്ലാസ്റ്റിക്ക് നിരോധനം, പുകവലി, സ്ഥലനാമം, വാടകകരാർ, Occupancy certificate എന്നിവയില്ല.
ഭക്ഷ്യശാലകൾ	26	സത്യവാങ്മൂലങ്ങൾ-പ്ലാസ്റ്റിക്ക് നിരോധനം, പുകവലി, സ്ഥലനാമം, വാടകകരാർ, Occupancy certificateസാനിറ്ററി സർട്ടിഫിക്കറ്റ്		സത്യവാങ്മൂലങ്ങൾ-പ്ലാസ്റ്റിക്ക് നിരോധനം, പുകവലി, സ്ഥലനാമം, വാടകകരാർ, Occupancy certificate, സാനിറ്ററി സർട്ടിഫിക്കറ്റ് എന്നിവയില്ല.
ആശുപത്രികൾ/ ലാബുകൾ	13	സത്യവാങ്മൂലങ്ങൾ-പ്ലാസ്റ്റിക്ക് നിരോധനം, പുകവലി, സ്ഥലനാമം, വാടകകരാർ,Occupancy certificate, മലിനീകരണ നിയന്ത്രണബോർഡിന്റെ സാക്ഷ്യപത്രം		,,

അവലോകനം

മിക്കവാറും അപേക്ഷകളോടൊപ്പവും സാനിറ്ററി സർട്ടിഫിക്കറ്റ് ഹാജരാക്കുന്നില്ല. ആശുപത്രികൾ/ലാബുകൾ എന്നിവയുടെ അപേക്ഷയോടൊപ്പം മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം ഹാജരാക്കുന്നില്ല.

7. എല്ലാ അപേക്ഷകളിലും ഡി & ഒ ലൈസൻസ് നൽകുന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല. അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും കേരള പഞ്ചായത്ത് രാജ് ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 26 അനുസരിച്ച് കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 255 പ്രകാരം പിഴ ഈടാക്കിയതായും കാണുന്നില്ല.

8. അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ

തളിക്കുളം അപ്പാരൽ പാർക്കിൽ പ്രവർത്തിക്കുന്ന 3 സ്ഥാപനങ്ങൾ ഡി.ആന്റ്.ഓ. ലൈസൻസ് എടുത്തതായി കാണുന്നില്ല. ഡി.ആന്റ്.ഒ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന മേൽ സ്ഥാപനങ്ങൾക്കെതിരെ പഞ്ചായത്ത് നടപടികൾ ഒന്നും തന്നെ എടുത്തിട്ടില്ല.

9. പഞ്ചായത്ത് ലൈസൻസ് നല്കിയ സ്ഥാപനം മൂലം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ ഉണ്ടായ സന്ദർഭങ്ങൾ ഇത്തരത്തിലുള്ള സന്ദർഭങ്ങൾ ഉണ്ടായിട്ടില്ല.

10. വ്യാപാര-വ്യവസായ സ്ഥാപനങ്ങളിൽ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ മുതലായവർ ചേർന്ന് സംയുക്ത പരിശോധന നടത്തുന്നുണ്ട്.

പല സന്ദർഭങ്ങളിലും ഉത്തരവ്, നിർദ്ദേശങ്ങൾ എന്നിവ നല്കാനുള്ള സർക്കാരിന്റെ അധികാരം വിനിയോഗിക്കുന്നില്ല എന്നുവേണം പറയാൻ.

ഉദാഹരണമായി വിവിധ വകുപ്പുകളിൽ നിന്നുള്ള നിരാക്ഷേപ പത്രങ്ങൾ ഹാജരാക്കാതെ ലൈസൻസ് നല്കാനോ, പുതുക്കാനോ കഴിയാതെ വരുന്ന സന്ദർഭങ്ങളിൽ സർക്കാർ ഉത്തരവ് പാലിക്കാത്തവർക്കെതിരെ നടപടികളെടുക്കുന്നതായി കാണുന്നില്ല. ഇവർക്ക് സാക്ഷ്യപത്രങ്ങളുടെ കാലാവധി കഴിയുന്നതു വരെയുള്ള ലൈസൻസാണ് അനുവദിച്ച് നല്കുന്നതെങ്കിലും ആ വർഷം മുഴുവൻ സ്ഥാപനം പ്രസ്തുത പഞ്ചായത്തിൽ തന്നെ പ്രവർത്തിക്കുന്നു. കൂടാതെ സ്ഥാപനങ്ങൾ അനധികൃതമായി പ്രവർത്തിക്കുന്നതു സംബന്ധിച്ച് അന്വേഷണം നടത്തുകയോ ചട്ടപ്രകാരമുള്ള നടപടികളെടുക്കുകയോ ചെയ്യുന്നില്ല.

11. ഉത്തരവ്,നിർദ്ദേശങ്ങൾ എന്നിവ നല്കാനുള്ള സർക്കാരിന്റെ അധികാരം വിനിയോഗിക്കുന്നില്ല.

12. മറ്റുള്ളവ

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, പ്രകാരമുള്ള നികുതി നിരക്കുകളിൽ വർദ്ധനവ് വരുത്തേണ്ടതാണ്. നിലവിലെ നിരക്കുകൾ പഞ്ചായത്തിന് വളരെ ചുരുങ്ങിയ രീതിയിലുള്ള തനത് വരുമാനം മാത്രമാണ് നേടിക്കൊടുക്കുന്നത്. ആയതിനാൽ നിരക്കുകൾ കാലികമാക്കേണ്ടതുണ്ട്.

നിലവിൽ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന എല്ലാ കച്ചവട സ്ഥാപനങ്ങൾക്കും ലൈസൻസ് എടുക്കുന്നതിനാൽ ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ എന്ന പേരിനു മാറ്റം വരുത്തേണ്ടതാണെന്ന് അഭിപ്രായപ്പെടുന്നു.

3-24 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പുതിയ അക്കൗണ്ടിങ്ങ് സമ്പ്രദായം - അവലോകനം

1) സാംഖ്യ സോഫ്റ്റ് വെയർ പ്രകാരമുള്ള അക്രൂവൽ അടിസ്ഥാനത്തിൽ വാർഷിക പത്രിക തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങൾ ജി.ഒ.(എം.എസ്). 128/2011/ എൽ.എസ്.ജി.ഡി./6.7.11 പ്രകാരം പഞ്ചായത്തിൽ ഒരുക്കിയിട്ടുണ്ട്.

വിശദാംശങ്ങൾ

ഇനങ്ങൾ	എണ്ണം	വാങ്ങിയ വർഷം	ചെലവഴിച്ച തുക	ഫണ്ട് തരം
കമ്പ്യൂട്ടർ	4	2009-10	135704	തനത് ഫണ്ട്
	2	2011-12	50330	പ്ലാൻ ഫണ്ട്
കമ്പ്യൂട്ടർ –3	2	2013-14	68418	ലോക ബാങ്ക്
	1	2013-14	33433	തനത് ഫണ്ട്
	3	2012-13	203750	ലോക ബാങ്ക് ധനസഹായം

ടച്ച് സ്ക്രീൻ, മൈക്ക് ലാപ്പ്ടോപ്പ്	2	2013-14	73920	തനത് ഫണ്ട് ലോക ബാങ്ക് ധനസഹായം
സെർവർ	1	2011-12	44363	പ്ളാൻ ഫണ്ട്
പ്രിന്ററർ	1	2011-12	5967	തനത്
പ്രിന്റർ	1	2013-14	5250	തനത്
	1	2013-14	4950	പ്ളാൻ ഫണ്ട്
യു.പി.എസ്.	1(3KV)	2011-12	57535	തനത്,
	1(5KV)	2013-14	225875	സി.എഫ്.സി.

2)സാംഖ്യ നടപ്പിലാക്കിയ ശേഷം 3.07.2012-ലെ ജി.ഒ. (സാധാ)/1838/12.ത.സ്വ.ഭ.വ. ഉത്തരവിൽ നിർദ്ദേശിക്കും പ്രകാരം ഐ.കെ.എം. സ്പെസിഫിക്കേഷനോടു കൂടിയ കമ്പ്യൂട്ടറുകളാണ് പഞ്ചായത്തിൽ വാങ്ങിയിട്ടുള്ളത്. കമ്പ്യൂട്ടറുകൾ വാങ്ങിയതിൽ അപാകതകൾ ഒന്നും ഇല്ല.

3) കമ്പ്യൂട്ടർ ഹാർഡ് വെയർ സ്റ്റോക്ക് രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നുണ്ട്. സോഫ്റ്റ് വെയർ സ്റ്റോക്ക് രജിസ്റ്റർ പഞ്ചായത്തിൽസൂക്ഷിക്കുന്നില്ല.

4) 16-7-12ന് പഞ്ചായത്തിൽ സാംഖ്യ നടപ്പിലാക്കി. തൊട്ട് മുൻപ് വരെയുള്ള ട്രഷറി, ബാങ്ക് റീകൺസിലേഷൻ നടത്തിയ ശേഷമാണ് സാംഖ്യ ഇൻസ്റ്റാൾ ചെയ്തിട്ടുള്ളത്.

5)സാംഖ്യയിലേക്ക് മാറുന്നതിനു മുമ്പ് ഓപ്പണിംഗ് ബാലൻസ് ഷീറ്റ് തയ്യാറാക്കിയിട്ടുണ്ട്.

6)സ്ഥിര ആസ്തികൾ (റോഡ്, കെട്ടിടങ്ങൾ, ഭൂമി, തുടങ്ങിയവ) ഒഴികെ ഉള്ളവയുടെ കൃത്യത ഉറപ്പു വരുത്തിയ ശേഷമാണ് ഓപ്പണിംഗ് ബാലൻസ് ഷീറ്റ് തയ്യാറാക്കിയിട്ടുള്ളത്.

7)നിലവിലുള്ള ജീവനക്കാർക്ക് സാംഖ്യ ഉപയോഗിക്കുന്നതിന് പരിശീലനം ലഭിച്ചതിന്റെ വിവരങ്ങൾ

തസ്തിക	പരിശീലനം ലഭിച്ച കാലയളവ്	പരിശീലനത്തിനായി ചെലവഴിച്ച തുക	റിമാർക്ക്
ക്ലാർക്ക്	1-9-11 മുതൽ 6-9-11വരെ	കിലയിലാണ് പരിശീലനം ലഭിച്ചത്	
ഹെഡ് ക്ലാർക്ക്	22-9-2011മുതൽ 27-9-11വരെ		
അക്കൗണ്ടന്റ്	പരിശീലനം ലഭിച്ചിട്ടില്ല		
ജെ. എസ്	പരിശീലനം ലഭിച്ചിട്ടില്ല		
അസിസ്റ്റന്റ് സെക്രട്ടറി	പരിശീലനം ലഭിച്ചിട്ടില്ല		
സെക്രട്ടറി	പരിശീലനം ലഭിച്ചിട്ടില്ല		
ടെക്നിക്കൽ അസിസ്റ്റന്റ്	പരിശീലനം ലഭിച്ചിട്ടില്ല		

8) ഫ്രണ്ട് ഓഫീസിൽ ട്രയിനിംഗ് ലഭിച്ചവരാണ് രശീതി നല്കുന്നത്.

9) രശീതി അടിക്കുമ്പോൾ ഹെഡ് മാറുന്നില്ല.

10) സെക്രട്ടറി തന്റെ ലോഗ് ഇൻ പാസ് വേർഡ്, വൗച്ചർ അംഗീകരിക്കുന്നതിനായി കീഴ് ജീവനക്കാർക്ക് നല്കിയിട്ടില്ല. ഓഡിറ്റ് വകുപ്പിന് സാംഖ്യയിൽ പ്രത്യേക ലോഗിൻ ഏർപ്പെടുത്തിയിട്ടില്ല.

11)സാംഖ്യ നടപ്പിലാക്കിയ ശേഷം യാതൊരു തരത്തിലുമുള്ള ധനാപഹരണവും കണ്ടെത്തിയിട്ടില്ല.

12) നിലവിൽ പഞ്ചായത്തിൽ വിന്യസിച്ചിരിക്കുന്ന സോഫ്റ്റ് വെയറുകൾ

സോഫ്റ്റ് വെയറിന്റെ പേര്	പഞ്ചായത്തിൽ വിന്യസിച്ച തീയതി	ഏത് മേഖലയുമായി ബന്ധപ്പെട്ടത്	സോഫ്റ്റ് വെയർ ഉപയോഗപ്രദമാക്കുന്നുണ്ടോ?
സാംഖ്യ	1-10-11	അക്കൗണ്ടിംഗ്	ഉണ്ട്
സുലേഖ	18.02.2008	പ്ളാൻ	ഉണ്ട്
സേവന	01.07.2005	രജിസ്ട്രേഷൻ	ഉണ്ട്
സ്ഥാപന	15.04.2006	എസ്റ്റാബ്ളിഷ്മെന്റ്	ഉണ്ട്

സചിത്ര	18.10.2011	ആസ്തി	ഉണ്ട്
സൂചിക	27-5-14	ഫ്രണ്ട് ഓഫീസ്	ഉണ്ട്
സഞ്ചയ		ബിൽഡിംഗ്ലാക്ക്	ഉണ്ട്
സംവേദിത		പഞ്ചായത്ത് വെബ്സൈറ്റ്	ഉണ്ട്

13)സാംഖ്യ ഉപയോഗിക്കുന്നതിൽ പഞ്ചായത്ത് ജീവനക്കാർക്ക് ബുദ്ധിമുട്ടൊന്നും അനുഭവപ്പെടുന്നില്ല.

14)തനതു വരവുകളുടെ സംഗ്രഹം സാംഖ്യയിൽ നിന്നും ലഭിക്കുന്നുണ്ട്.

വരവിനങ്ങൾ	വർഷം	അക്കൗണ്ട്സ് പ്രകാരമുള്ള തുക	ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള തുക	വ്യത്യാസം	റിമാർക്സ്
വസ്തു നികുതി	2012-13	2486516	2486516	ഇല്ല	
	2013-14	2574451	2574451	ഇല്ല	
	2014-15	542721	5142721	ഇല്ല	
തൊഴിൽ നികുതി	2012-13	835490	835490	ഇല്ല	
	2013-14	935090	935090	ഇല്ല	
	2014-15	1075530	1075530	ഇല്ല	
ഡി.ഒ. ലൈസൻസ് ഫീസ്	2012-13	31050	24095	ഇല്ല	
	2013-14	60550	60550	ഇല്ല	
	2014-15	27700	27700	ഇല്ല	
വാടക	2012-13	163810	163810	ഇല്ല	
	2013-14	291958	291958	ഇല്ല	
	2014-15	196008	196008	ഇല്ല	

15)നികുതി/നികുതിയേതരയിനങ്ങളിൽ കിട്ടാനുള്ള സംഖ്യ ബാലൻസ് ഷീറ്റിലുള്ളത്, യഥാർത്ഥത്തിലുള്ളതുമായി പൊരുത്തപ്പെടുന്നുണ്ട്.

16)ഓരോ വർഷവും നിർമ്മിക്കുന്ന പുതിയ ആസ്തികളുടെ കണക്ക് സാംഖ്യയിൽ നിന്നും ലഭിക്കുന്നുണ്ട്.

17)വൗച്ചറുകൾ ശരിയായ രീതിയിൽ സെറ്റ് ചെയ്തു വയ്ക്കുന്നുണ്ട്.

18)തൻ വർഷ വരവ്, വരുമാനം എന്നിവ കൃത്യമായി കണ്ടെത്താൻ കഴിയുന്നുണ്ട്.

19) മുൻ വർഷങ്ങളിൽ രജിസ്റ്ററുകളിൽ സൂക്ഷിക്കേണ്ട വിവരങ്ങൾ സാംഖ്യ ഇൻസ്റ്റാൾ ചെയ്തതിനുശേഷം സാംഖ്യയിൽ നിന്നും ലഭിക്കുന്നുണ്ട്.

20)ഡെപ്പോസിറ്റ്, അഡ്വാൻസ് എന്നിവയുടെ മുൻബാക്കി ഐറ്റം വൈസ് എന്റർ ചെയ്യാൻ കഴിയുന്നുണ്ട്. ഡെപ്പോസിറ്റ് റീഫണ്ട് ചെയ്യുമ്പോൾ/അഡ്വാൻസ് റിക്കവർ ചെയ്യുമ്പോൾ ബാലൻസിൽ കുറവ് വരുന്നുണ്ട്. ഡെപ്പോസിറ്റ്, അഡ്വാൻസ് എന്നിവയുടെ വർഷം തിരിച്ചുള്ള കണക്കുകൾ എഴുതി സൂക്ഷിക്കുന്നുണ്ട്.

21)രശീതി സ്റ്റേഷനറി ലഭിക്കുന്നത് കൃത്യമായി സ്റ്റോക്കിൽ എടുക്കുന്നുണ്ട്.

23)എ.എഫ്.എസ്. പരിശോധിച്ചാൽ വരവ് ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ ഗ്രഹിക്കാൻ സാധിക്കുന്നുണ്ട്.

24)ഗ്രാമപഞ്ചായത്തിൽ സാംഖ്യ വഴിയുള്ള നികുതി അടവ് ,സർട്ടിഫിക്കറ്റ് ലഭിക്കൽ മുതലായവ എളുപ്പത്തിൽ ലഭിക്കുന്നുണ്ട്.

25)ഓരോ ഹെഡിലും വരുന്ന വരവ് ചെലവുകൾ എളുപ്പത്തിൽ കണ്ട് പിടിക്കാൻ സാധിക്കുന്നുണ്ട്.

26)ഓരോ ദിവസത്തേയും കാഷ് ബുക്ക് സമ്മറി, ബാങ്ക് ബുക്ക് എന്നിവയുടെ പ്രിന്റ് എടുത്ത് സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്.

<u>ഭാഗം -4</u>
<u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ളോക്ക് പഞ്ചായത്ത്	2013-14	194700	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്	194700	0
		500000	4, 5 വാർഡുകളിലെ മിനി കുടിവെള്ള പദ്ധതി	500000	0
		163000	എരണേഴത്ത് അമ്പലം റോഡ് റീടാറിങ്ങ്	161770	1230
ജില്ലാ പഞ്ചായത്ത്	2013-14	400000	തെങ്ങ് കൃഷി ജൈവ വള വിതരണം	400000	0
		129800	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്	129800	0
		200000	സമഗ്ര ആരോഗ്യ വിദ്യഭ്യാസ പരിപാടി	199712	288
ജില്ലാ പഞ്ചായത്ത്	2013-14	250000	ഹാഷ്മി നഗർ ഇത്തിക്കൂട് റോഡ്	248656	1344
		249629	അണ്ടിപ്പുര കോളനി റോഡ്	249629	0
		396228	മഹാത്മാഗാന്ധി റോഡ് സോളിങ്ങ്	396228	0
		356923	വളപറമ്പ് കാന നിർമ്മാണം	356923	0
		500000	പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നവീകരണം	496535	3465
		2500000	പുനരധിവാസ കോളനി നവീകരണം	527641	1972359
		1500000	കൈതക്കൽ കോളനി നവീകരണം	1464999	35001
					2012457

സംയുക്ത പ്രൊജക്ടുകൾക്ക് ജില്ലാ ബ്ളോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയുടെ നീക്കിയിരിപ്പ് വാർഷിക കണക്ക് പ്രകാരം 15,10,977/- രൂപയാണ്. എന്നാൽ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി പ്രകാരം 2012457/- രൂപയാണ്. വ്യത്യാസത്തിന് മറുപടി നൽകേണ്ടതാണ്.

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3158/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ തിയ്യതി
09-10	2-4(c)	600	സൈല (ഡി ഇ ഒ) NREGA	7/5/13 11301100760
09-10	2-3(b)	200	ദേവസികുട്ടി തട്ടകത്ത് (D&O(ട്രയിടർ)	24/5/13 1311301101041
09-10	2-3(b)	100	റെയ്ഗൻ (D&O (ട്രയിടർ)	24/5/13 11301101042
09-10	2-24(3)	150	സതീശൻ പി എസ് ക്ലർക്ക്	24/5/13 11301101045
96-97	34-(1)	117	കെ.വേണുഗോപാലൻ സെക്രട്ടറി	16/8/13 11301101954
96-97	34-(2)	23	കെ.വേണുഗോപാലൻ സെക്രട്ടറി	16/8/13 11301101954
95-96	40	266	എൻ.ആർ.ജയൻ, സെക്രട്ടറി, തളിക്കുളം ഗ്രാമപഞ്ചായത്ത്	16/8/13 11301102371
96-97	28-(3)	350	" "	16/8/13 11301102371
96-97	32	100	" "	16/8/13 11301102371
98-99	5	233	ഹരികുമാർ. യു.ഡി. ക്ലർക്ക്	7/9/13 11301102380
99-00	29	69	" "	7/9/13 11301102380
01-02	10	125	ഉമാദിയ സെക്രട്ടറി, തളിക്കുളം ഗ്രാമപഞ്ചായത്ത്	7/9/13 11301102381
12-13		825	ഷിജോയ്.ടി.സി. (driver)	3/1/14 11301104254
		3158		

4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം.

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	63306994
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	60649609
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	15600
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	1668280

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ്ജ് ചെയ്യാവുന്നവ	സർചാർജ്ജ് ചെയ്യാവുന്നവ	
3-6	-	10000	വർഗ്ഗീസ്.സി.എ. ജൂനിയർ സൂപ്രണ്ട് I/C സെക്രട്ടറി
3-13 (1)	-	5600	പി.ബി.സുഭാഷ്. സെക്രട്ടറി

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1	463804	പി.ബി.സുഭാഷ്, സെക്രട്ടറി
3-2	72201	
3-4	286875	ഇ.ബി ഗോകുൽ VEO
3-7	200000	വർഗ്ഗീസ്.സി.എ. ജൂനിയർ സൂപ്രണ്ട് സെക്രട്ടറി I/C
3-8	30000	റോസ് മേരി, ഹെഡ്മിസ്ട്രസ്സ്
3-9	13400	പി.ബി.സുഭാഷ്, സെക്രട്ടറി
3-12	69000	ഡോ.കെ.ലത, മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി.)
3-20	533000	വർഗ്ഗീസ്.സി.എ. ജൂനിയർ സൂപ്രണ്ട് സെക്രട്ടറി I/C
ആകെ	1668280	

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
സുഭാഷ്, സെക്രട്ടറി, തളിക്കുളം ഗ്രാമ പഞ്ചായത്ത്	സെക്രട്ടറി, വളാഞ്ചേരി മുനിസിപ്പാലിറ്റി	പെരുംപറമ്പിൽ വീട്, അവിണിശ്ശേരി.പി.ഒ. തൃശ്ശൂർ
വർഗ്ഗീസ്.സി.എ. ജൂനിയർ സൂപ്രണ്ട്	വർഗ്ഗീസ്.സി.എ. ജൂനിയർ സൂപ്രണ്ട്	ചിറ്റിലപ്പിള്ളി വീട് പത്താംകല്ല്, തളിക്കുളം.പി.ഒ., തൃശൂർ

4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	റിമാർക്സ്
88-89, 89-90 90-91 92-93മുതൽ 95-96 വരെ	എൽ.എഫ്.ടി.8-എസ്. 201/12 തിയതി. 24/10/11 -28/03/12	

97-98	എൽ.എഫ്.ടി.14-1760/99 തിയതി. 28/03/2000	
98-99	എൽ.എഫ്.ടി.14-1547/2000- തിയതി 09/05/01	
99-00	എൽ.എഫ്.ടി.14-212/03- തിയതി 4/07/03	
00-01	എൽ.എഫ്.ടി.14-213/03 തിയതി 15/09/03	
01-02	എൽ.എഫ്.ടി.14-1735/03- തിയതി 22/05/03	
02-03	എൽ.എഫ്.ടി.14-440/05 തിയതി 10/10/05	
03-04	എൽ.എഫ്.ടി.14-1864/05 തിയതി 26/07/06	
04-05	എൽ.എഫ്.ടി.14-316/07 തിയതി 29/3/07-5/06/07	
05-06	എൽ.എഫ്.ടി.14-1963/08 തിയതി 21/12/09	
06-07	എൽ.എഫ്.ടി.14-669/10 തിയതി 6/09/10	
07-08	എൽ.എഫ്.ടി.14-1068/10 തിയതി 31/01/11	
08-09	എൽ.എഫ്.ടി.പി.14-1069/10 തിയതി 31/01/11-29/06/11	
09-10	എൽ.എഫ്.ടി.പി.1-891/12 തിയതി 7/9/12	
10-11	എൽ.എഫ്.ടി.പി.1-892/12 തിയതി 7/9/12-5/01/13	
11-12	എൽ.എഫ്.ടി.പി.1-364/13 തിയതി 12/06/13-4/11/13	
12-13	എൽ.എഫ്.ടി.പി.1-31/14 തിയതി. 4/03/14 – 4/4/14	

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ.